# മഹാത്മാഗാന്ധിസർവ്വകലാശാല

**പബ്ലിക്റിലേഷൻസ്ഓഫീസറുടെകാര്യാലയം**

പ്രിയദർശിനിഹിൽസ്പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298


2020 സെപ്റ്റംബർ 23

# വാർത്താക്കുറിപ്പ്

## എം.ജി. ബിരുദ പ്രവേശനം:
## രണ്ടാം അലോട്മെന്റ് പ്രസിദ്ധീകരിച്ചു

**- അലോട്മെന്റ് ലഭിച്ചവർ 2020 സെപ്റ്റംബർ 28ന് വൈകിട്ട് നാലിനകം കോളേജുകളിൽ ഓൺലൈനായി പ്രവേശനം ഉറപ്പാക്കണം**

മഹാത്മാഗാന്ധി സർവകലാശാലയ്ക്കു കീഴിലുള്ള കോളജുകളിൽ ഒന്നാം സെമസ്റ്റർ ബിരുദ പ്രോഗ്രാമുകളിലേക്കുള്ള കേന്ദ്രീകൃത പ്രവേശനത്തിന്റെ രണ്ടാം അലോട്മെന്റ് പ്രസിദ്ധീകരിച്ചു. അപേക്ഷകർ അലോട്മെന്റ് സ്റ്റാറ്റസ് പരിശോധിക്കുന്നതിനായി മുമ്പ് ലഭിച്ച ആപ്ലിക്കേഷൻ നമ്പർ, പാസ് വേഡ് എന്നിവ ഉപയോഗിച്ച് ക്യാപ് വെബ്സൈറ്റിൽ (www.cap.mgu.ac.in) ലോഗിൻ ചെയ്യണം. തുടർന്ന് സർവകലാശാലയ്ക്കുള്ള ഫീസടച്ച് ഉചിതമായ പ്രവേശനം (സ്ഥിര/താത്കാലികപ്രവേശനം) തെരഞ്ഞെടുക്കണം. ഒന്നാം ഓപ്ഷനിൽ അലോട്മെന്റ് ലഭിച്ചവർക്ക് സ്ഥിരപ്രവേശം മാത്രമേ തെരഞ്ഞെടുക്കാനാകൂ. എന്നാൽ മറ്റ് ഓപ്ഷനുകളിൽ അലോറ്റ്മെന്റ് ലഭിച്ചവർക്ക് താത്കാലിക പ്രവേശം തെരഞ്ഞെടുക്കാം. ഇതിനു ശേഷം ലഭ്യമാവുന്ന അലോട്മെന്റ് മെമ്മോ ഡൗൺലോഡ് ചെയ്ത് ഒപ്പിട്ട് പിന്നീട് സർവകലാശാല നിഷ്കർഷിക്കുന്ന സമയത്ത് കോളജുകളിൽ സമർപ്പിക്കണം. ഈ പ്രക്രിയ പൂർത്തീകരിച്ചതിനു ശേഷം അപേക്ഷകർ അലോട്മെന്റ് ലഭിച്ച കോളേജുമായി ഫോണിൽ ബന്ധപ്പെട്ട് കോളേജ് നിഷ്കർഷിക്കുന്ന ഓൺലൈൻ രീതിയിൽ ഫീസടച്ച് പ്രവേശനം 'കൺഫേം' ചെയ്യണം.

സ്ഥിരപ്രവേശം ലഭിക്കുന്നവർ മാത്രമേ കോളജുകളിൽ ഫീസടയ്ക്കേണ്ടതുള്ളൂ. എന്നാൽ എല്ലാ അപേക്ഷകരും പ്രവേശനം കൺഫേം ചെയ്യുന്നതിനായി കോളജുകൾ പ്രവേശനത്തിനായി നൽകിയ ഫോൺ നമ്പരിൽ ബന്ധപ്പെടണം. കോളജുകളുമായി ബന്ധപ്പെടേണ്ട ഫോൺ നമ്പരുകൾ ക്യാപ്പ് വെബ്സൈറ്റിൽ നൽകിയിട്ടുണ്ട്. സ്ഥിരപ്രവേശം തെരഞ്ഞെടുത്തവർ പ്രവേശന സമയത്ത് ടി.സി, കോണ്ടക്ട് സർട്ടിഫിക്കറ്റ്, ഒപ്പ് രേഖപ്പെടുത്തിയ അലോട്മെന്റ് മെമ്മോ എന്നിവയുടെ ഡിജിറ്റൽ പകർപ്പ് കോളജ് നിർദ്ദേശിക്കുന്ന ഇ-മെയിൽ വിലാസത്തിലേക്ക് അയച്ചു നൽകണം. പ്രവേശനം നേടി 15 ദിവസത്തിനകം ടി.സി, കോണ്ടക്ട് സർട്ടിഫിക്കറ്റ് എന്നിവയുടെ അസൽ കോളജുകളിൽ തപാൽമാർഗമോ മറ്റ് മാർഗങ്ങളിലോ സമർപ്പിക്കണം. രണ്ടാം അലോട്മെന്റ് ലഭിച്ചവർക്ക് സെപ്റ്റംബർ 28 വരെ കോളജ് തലത്തിൽ പ്രവേശനം 'കൺഫേം' ചെയ്യാം. സെപ്റ്റംബർ 28നു ശേഷം നിശ്ചിത സർവകലാശാല ഫീസടച്ച് കോളേജുകളുമായി ബന്ധപ്പെട്ട് സ്ഥിര/താത്കാലിക പ്രവേശനം കൺഫേം ചെയ്യാത്തവരുടെ അലോട്മെന്റ് റദ്ദാക്കപ്പെടും.

അലോട്മെന്റ് ലഭിച്ചവർ കോളജുകളിൽ നേരിട്ട് റിപ്പോർട്ട് ചെയ്യേണ്ടതില്ല. നിലവിൽ താൽക്കാലിക പ്രവേശനം ലഭിച്ചിട്ടുള്ളവർക്ക് രണ്ടാം അലോട്ട്മെന്റിലും അതേ സ്റ്റാറ്റസ്

തന്നെയാണെങ്കിൽ അപേക്ഷകർ ഒന്നും ചെയ്യേണ്ടതില്ല. മൂന്നാം അലോട്ട്മെന്റിനായി കാത്തിരിക്കാവുന്നതും ആവശ്യമെങ്കിൽ നിശ്ചിത തീയതികളിൽ ഹയർ ഓപ്ഷനുകൾ പുനഃക്രമീകരിക്കാവുന്നതുമാണ്. കോളജുകളിൽ പ്രവേശനം കൺഫേം ചെയ്തവർ ക്യാപ് വെബ്സൈറ്റിൽ സെപ്റ്റംബർ 28നു മുമ്പായി ലോഗിൻ ചെയ്ത് കൺഫർമേഷൻ സ്ലിപ് ഡൗൺലോഡ് ചെയ്ത് സൂക്ഷിക്കണം. കോളജുകൾ പ്രവേശനം കൺഫേം ചെയ്തതിന്റെ തെളിവാണ് കൺഫർമേഷൻ സ്ലിപ് എന്നതിനാൽ നിശ്ചിത സമയത്ത് പരിശോധിച്ച് പ്രവേശനം ഉറപ്പാക്കാൻ അപേക്ഷകൻ ശ്രദ്ധിക്കണം. നിശ്ചിത തീയതിക്കു ശേഷം ഇതു സംബന്ധിച്ച പരാതികൾ പരിഗണിക്കുന്നതല്ല. ഓപ്ഷനുകൾ പുനക്രമീകരിക്കാനും ഒഴിവാക്കാനും സെപ്റ്റംബർ 29, 30 തീയതികളിൽ സൗകര്യം ലഭിക്കും.

(പി.ആർ.ഒ/39/908/2020)

## പരീക്ഷാഫലം

2019 ഒക്ടോബറിൽ നടന്ന മൂന്നാം സെമസ്റ്റർ എം.എസ്‌സി. സ്റ്റാറ്റിസ്റ്റിക്സ് പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഒക്ടോബർ മൂന്നുവരെ സർവകലാശാല വെബ്സൈറ്റിലെ സ്റ്റുഡന്റ്സ് പോർട്ടൽ വഴി ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/909/2020)

2019 ഒക്ടോബറിൽ നടന്ന മൂന്നാം സെമസ്റ്റർ മാസ്റ്റർ ഓഫ് ട്രാവൽ ആന്റ് ടൂറിസം മാനേജ് മെന്റ്/മാസ്റ്റർ ഓഫ് ടൂറിസം അഡ്മിനിസ്ട്രേഷൻ (2018 അഡ്മിഷൻ റഗുലർ, 2018ന് മുമ്പുള്ള അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഒക്ടോബർ മൂന്നുവരെ സർവകലാശാല വെബ്സൈറ്റിലെ സ്റ്റുഡന്റ്സ് പോർട്ടൽ വഴി ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/910/2020)

## ഗ്രേസ് മാർക്ക് വിതരണത്തിന് അപേക്ഷിക്കാം

പുനർമൂല്യനിർണയം/ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി പരീക്ഷകളുടെ ഫലം കാത്തിരിക്കുന്ന 2017 അഡ്മിഷൻ (സി.ബി.സി.എസ്.) റഗുലർ വിദ്യാർഥികൾക്ക് ഗ്രേസ്മാർക്കുകൾ ഉൾപ്പെടുത്തിയ പരീക്ഷാഫലം പ്രസിദ്ധീകരിക്കുന്നതിനായി അപേക്ഷിക്കാം. ഇപ്രകാരം അപേക്ഷിക്കുന്നതനുസരിച്ച് ഗ്രേസ് മാർക്ക് വിതരണം നടത്തുമ്പോൾ നിലവിൽ ലഭിച്ച മാർക്കുകൾക്കൊപ്പം ഗ്രേസ് മാർക്കുകൾ കൂട്ടിച്ചേർക്കും. ഒരു തവണ ഗ്രേസ് മാർക്ക് ഉൾപ്പെടുത്തി പരീക്ഷാഫലം പ്രസിദ്ധീകരിച്ചാൽ ഗ്രേസ്മാർക്ക് പുനർവിതരണത്തിനോ വരാനുള്ള പുനർമൂല്യനിർണയം/ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി പരീക്ഷാഫലങ്ങളിലേക്ക് വിതരണം ചെയ്യുന്നതിന് അർഹതയുണ്ടാവില്ല. ഈ രീതിയിൽ ഗ്രേസ് മാർക്ക് നൽകി വിദ്യാർഥി ജയിക്കുകയാണെങ്കിൽ ഇതുവരെ ഫലം പ്രസിദ്ധീകരിക്കാത്ത അനർഹമായ പരീക്ഷകൾ റദ്ദുചെയ്യപ്പെടും. ഈ ആനുകൂല്യം ലഭിക്കുന്നതിനുള്ള അപേക്ഷഫോം സർവകലാശാല വെബ് സൈറ്റിലെ സ്റ്റുഡന്റ്സ് പോർട്ടൽ എന്ന ലിങ്കിൽ ലഭിക്കും.

(പി.ആർ.ഒ/39/911/2020)

## കേരളത്തിലെ സാമൂഹിക പരിഷ്കരണ സമരങ്ങളിൽ ക്രൈസ്തവ സ്വാധീനം: പ്രൊഫ. എം. കെ. സാനു

കേരളത്തിൽ നടന്ന ജാതിവിരുദ്ധ, സാമൂഹിക നവീകരണ സമരങ്ങൾക്കെല്ലാം മുഖ്യ സ്വാധീനമായത് ക്രൈസ്തവ ആശയങ്ങളാണെന്ന് പ്രൊഫ. എം.കെ. സാനു. മഹാത്മാഗാന്ധി സർവകലാശാല കുര്യാക്കോസ് ഏലിയാസ് ചാവറ ചെയറിന്റെ പുനഃസംഘടനയുമായി ബന്ധപ്പെട്ട നടന്ന ചടങ്ങിൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. സ്ത്രീപക്ഷ ചിന്തകൾ കേരള സമൂഹത്തിൽ പ്രചരിക്കുന്നതിനു മുമ്പേ മേൽമുണ്ട് സമരം പോലെ ഉള്ള സ്ത്രീ അവകാശ സമരങ്ങൾ ക്രൈസ്തവികതയുടെ സ്വാധീനത്തിലാണ് നടന്നത്. വിദ്യകൊണ്ടു പ്രബുദ്ധരാകുക എന്ന ഗുരുദേവ ആഹ്വാനത്തിനു അര നൂറ്റാണ്ടു മുമ്പ് തന്നെ ജാതിഭേദമന്യേ വിദ്യാഭ്യാസത്തിന് ആഹ്വാനം ചെയ്യുകയും പള്ളിക്കൂടങ്ങൾ തുടങ്ങുകയും ചെയ്ത വിശിഷ്ടവ്യക്തിത്വം ആയിരുന്നു കുര്യാക്കോസ് ഏലിയാസ് ചാവറ എന്നും അദ്ദേഹം പറഞ്ഞു.

ചടങ്ങ് ബഹു. വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് ഉദ്ഘാടനം ചെയ്തു. സ്കൂൾ ഓഫ് ലേറ്റേഴ്സ് ഡയറക്ടർ പ്രൊഫ. കെ.എം. കൃഷ്ണൻ അധ്യക്ഷത വഹിച്ചു.

കുര്യാക്കോസ് എലിയാസ് ചെയർ കോർഡിനേറ്റർ ഡോ. സജി മാത്യു, സി.എം. ഐ സഭയുടെ പ്രിയോർ ജനറൽ റവ. ഡോ. തോമസ് ചാത്തംപറമ്പിൽ, റവ. ഡോ. മാർട്ടിൻ മള്ളാത്ത്, ഫാ. റോബി കണ്ണഞ്ചിറ എന്നിവർ സംസാരിച്ചു.

(പി.ആർ.ഒ/39/912/2020)

**എ. അരുൺകുമാർ**
പബ്ലിക്റിലേഷൻസ്ഓഫീസർ